പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5380 — 26.03.2018-ൽ മറുപടിക്ക്

ദുരന്ത സാദ്ധ്യതയുള്ള മേഖലകളിൽ പാറഖനന നിരോധനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം.ഷാജി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വ്യാപകമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാറ ഖനന നിരോധനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി/സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി എന്നിവ പരിസ്ഥിതി ആഘാത പഠനം നടത്തി പാരിസ്ഥിതികാനുമതി ലഭ്യമായ കേസുകളിൽ മാത്രമാണ് നിലവിൽ പാറ ഖനനത്തിന് അനുമതി നൽകുന്നത്. ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പാരിസ്ഥിതികാനുമതി കൂടാതെ നിലവിൽ പാറഖനനത്തിന് അനുമതി അനുവദിക്കാറില്ലാത്തതുമാണ്. വയനാട് ജില്ലയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവ് പ്രകാരം ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാറഖനനം നിരോധിച്ചിട്ടുണ്ട്. |
| (ബി) ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാറഖനനത്തിന് അനുമതി നൽകരുതെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ; | (ബി) അഞ്ച് ഹെക്ടർ വരെയുള്ള പാറഖനനത്തിന് ഡിസ്ട്രിക്ട് എൺവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി (DEIAA), 5 ഹെക്ടറിന് മുകളിൽ പാറഖനനത്തിന് സ്റ്റേറ്റ് എൺവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി (SEIAA), സ്റ്റേറ്റ് എൺവയോൺമെന്റ് അപ്രൈസൽ കമ്മറ്റി (SEAC) എന്നിവയുടെയും പാരിസ്ഥിതികാനുമതി ലഭിച്ച ശേഷമാണ് ഖനനാനുമതി നൽകുന്നത്. ഈ സമിതികൾ ദുരന്ത സാധ്യതകൾ കൂടി പരിഗണിച്ചാണ് അനുമതി നൽകുന്നത്. ഈ സാഹചര്യത്തിൽ ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകരുത് എന്ന പ്രത്യേക സർക്കാർ നിർദ്ദേശത്തിന്റെ ആവശ്യമില്ല എന്നു കാണുന്നു. |
| (സി) വയനാട് ജില്ലയിലെ ചില മേഖലകളിൽ ദുരന്ത നിവാരണ അതോറിറ്റി പാറഖനനം നിരോധിച്ചിട്ടുണ്ടോ; ഏതെല്ലാം സ്ഥലങ്ങളിലാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) വയനാട് ജില്ലയിൽ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 24.03.2017-ലെ DCWYD/43/2016/DEOC നമ്പർ ഉത്തരവ് പ്രകാരം സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ വില്ലേജിലെ റവന്യൂ ക്വാറികളുടെ പ്രവർത്തനം നിരോധിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ